"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ - ജീവനക്കാര്യം - പത്തനംതിട്ട റാന്നി സെന്റ് തോമസ് എച്ച്.എസ്.ലെ എച്ച്.എസ്.റ്റി.(എസ്.എസ്.) ശ്രീമതി ഷൈനി സക്കറിയ ബഹു:ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നമ്പർ 39144/2024-ന്മേലുള്ള 06/11/2024 ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1010/2026/GEDN തീയതി,തിരുവനന്തപുരം, 03-02-2026

---

പരാമർശം:-

1. പത്തനംതിട്ട റാന്നി സെന്റ് തോമസ് എച്ച്.എസ്.ലെ എച്ച്.എസ്.റ്റി.(എസ്.എസ്.) ശ്രീമതി ഷൈനി സക്കറിയ സമർപ്പിച്ച 10/2024 ലെ റിവിഷൻ ഹർജി. (എക്സിബിറ്റ് പി13)
2. റിട്ട് ഹർജി നമ്പർ 39144/2024-ന്മേലുള്ള 06/11/2024 ലെ വിധിന്യായം.
3. പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 23/01/2025-ലെ DEOPTA/2345/2024-B5 നമ്പർ കത്ത്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഇ.റ്റി.3/1506/2025/ഡിജിഇ നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട റാന്നി സെന്റ് തോമസ് എച്ച്.എസ്.ലെ എച്ച്.എസ്.റ്റി.(എസ്.എസ്.) ശ്രീമതി ഷൈനി സക്കറിയ ബഹു:ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നമ്പർ 39144/2024-ന്മേലുള്ള 06/11/2024 ലെ വിധിന്യായത്തിൽ ഹർജിക്കാരിയെയും 4,5 എതിർകക്ഷികളെയും കേട്ടശേഷം എക്സിബിറ്റ് പി13 റിവിഷൻ ഹർജി പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതിന് ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കക്ഷികളെ 29/01/2025 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖാന്തരം കേൾക്കുകയുണ്ടായി.

**2. ഹർജിക്കാരിയുടെയും മാനേജരുടെയും പൊതുവായ വാദങ്ങൾ ഇപ്രകാരമാണ്.**

i. റാന്നി എം.എസ്.എച്ച്.എസ്.എസ്.ലെ എച്ച്.എസ്.റ്റി. (എസ്.എസ്.) ശ്രീമതി അനു കുരുവിളയുടെ 01/04/2007 മുതൽ 15/01/2020 വരെയുള്ള ശൂന്യവേതനാവധി ഒഴിവിൽ ഹർജിക്കാരിയെ 02/06/2008 മുതൽ 15/01/2020 വരെ നിയമിക്കുകയും നിയമനാംഗീകാരം ലഭിക്കുകയും ചെയ്തു.

ii. എന്നാൽ 2018-19 വർഷത്തെ തസ്തിക നിർണയത്തിൽ ടി തസ്തിക നഷ്ടപ്പെടുകയും ടിയാൾ സേവനത്തിൽ നിന്നും പുറത്താകുകയും ചെയ്തു.

iii. തുടർന്ന്, റാന്നി സെന്റ് തോമസ് എച്ച്.എസ്.ലെ എച്ച്.എസ്.റ്റി. (എസ്.എസ്.)

ശ്രീ.അനീഷ് ജോസഫിനെ റാന്നി എം.എസ്.എച്ച്.എസ്.എസ്.ലേക്ക് 15/07/2021-ന് സ്ഥലം മാറ്റിയ ഒഴിവിൽ മാനേജർ ഹർജിക്കാരിക്ക് 15/07/2021 മുതൽ പുനർനിയമനം നൽകുകയും അംഗീകാരം ലഭിക്കുകയും ചെയ്തു.

iv. ശൂന്യവേതനാവധിയിൽ തുടർന്നിരുന്ന ശ്രീമതി അന്ന കുരുവിള 01/04/2007 പ്രാബല്യത്തിൽ രാജി സമർപ്പിക്കുകയും അംഗീകാരം ലഭിക്കുകയും ചെയ്തു.

v. ശ്രീമതി അന്ന കുരുവിളയുടെ 01/04/2007 മുതലുള്ള രാജിമൂലമുണ്ടായ സ്ഥിരം ഒഴിവിൽ ഹർജിക്കാരിയെ ക്രമീകരിച്ച് 02/06/2008 മുതൽ തുടർച്ചയായി അംഗീകരിച്ച് ഉത്തരവാകണമെന്നും, സംരക്ഷണം നൽകി അദ്ധ്യാപക പാക്കേജിന്റെ ആനുകൂല്യം നൽകുകയും, പുനർവിന്യസിക്കപ്പെട്ടിട്ടില്ലാത്തതിനാൽ 15/07/2018 മുതൽ 14/07/2021 വരെയുള്ള കാലയളവ് 20/06/2022-ലെ ജി.ഒ.(പി)നം.7/2022/പൊവിവ പ്രകാരം നോൺ ഡ്യൂട്ടിയായി ക്രമീകരിച്ചും ഉത്തരവാകണം.

3. സർക്കാർ ഈ വിഷയം ഹിയറിംഗ് സമയത്തെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. എച്ച്.എസ്.റ്റി. (എസ്.എസ്) ശ്രീമതി അന്ന കുരുവിള രാജിവയ്ക്കുകയും ടി രാജി അംഗീകരിക്കുകയും ചെയ്തതിനെ തുടർന്നുണ്ടായ റഗുലർ ഒഴിവിൽ ഹർജിക്കാരിയുടെ 02/06/2008 മുതലുള്ള നിയമനം റഗുലറൈസ് ചെയ്യണമെന്നും, തസ്തിക നഷ്ടംമൂലം പുറത്തായ 15/07/2018 മുതൽ 14/07/2021 വരെയുള്ള കാലയളവ് നോൺ ഡ്യൂട്ടിയായി ക്രമീകരിച്ചു നൽകണമെന്നുമാണ് ഹർജിക്കാരിയുടെ ആവശ്യം.

4. റാന്നി എം.എസ്.എച്ച്.എസ്.ലെ എച്ച്.എസ്.റ്റി. (എസ്.എസ്) ശ്രീമതി അന്ന കുരുവിളയുടെ ശൂന്യവേതനാവധി ഒഴിവിലുള്ള ശ്രീമതി ഷൈനി സ്കറിയയുടെ നിയമനം 02/06/2008 മുതൽ 15/01/2020 വരെ അംഗീകരിച്ചിരുന്നുവെന്നും, ഡിവിഷൻ കുറവുമൂലം 14/07/2018-ൽ ടിയാൾ തസ്തികനഷ്ടത്തെ തുടർന്ന് പുറത്തായെന്നും, റാന്നി സെന്റ് തോമസ് എച്ച്.എസ്.ൽ 15/07/2021 മുതൽ സ്ഥിരം നിയമനം നൽകുകയും അംഗീകാരം ലഭിക്കുകയും ചെയ്തുവെന്നും, ശ്രീമതി അന്ന കുരുവിള 01/04/2007 പ്രാബല്യത്തിൽ ജോലി രാജിവയ്ക്കുകയും രാജി അംഗീകരിക്കുകയും ചെയ്തിട്ടുള്ളതിനാൽ ടി ഒഴിവ് റഗുലർ ഒഴിവായി മാറിയിട്ടുണ്ടെങ്കിലും റഗുലർ ഒഴിവിൽ ഒരു നിശ്ചിത കാലയളവിലേക്കായി ഹർജിക്കാരിയെ നിയമിക്കുവാൻ നിലവിലുള്ള ഉത്തരവുകൾ പ്രകാരം സാധിക്കില്ലെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു.

5. ശ്രീമതി അന്ന കുരുവിളയുടെ രാജി 01/04/2007 മുൻകാല പ്രാബല്ല്യത്തിൽ അംഗീകരിച്ചതായി കാണുന്നു. ആയത് ക്രമപ്രകാരമല്ല.

KSR Part I Government decision 1(c) below Rule 23 പ്രകാരം

<u>Date when a resignation becomes effective</u>—...... Where an officer is on leave, the competent authority should decide whether he will accept the resignation with immediate effect or with effect from the date following the termination of the leave. There is also no objection to a Government servant on leave being permitted to resign his post without rejoining duty after leave, provided the appointing authority so decides with due regard to the administrative convenience of the department. ......

In other cases also it is open to the competent authority to decide whether the resignation should become effective immediately or with effect from some prospective date. In the latter case, the date should be specified.

6.അതായത് രാജി സമർപ്പിക്കുന്ന തീയതി മുതൽ ഉടൻ പ്രാബല്യത്തിലോ തുടർന്നുള്ള ഏതെങ്കിലും തീയതി പ്രാബല്യത്തിലോ മാത്രമേ രാജി അംഗീകരിക്കാനാവൂ. മുൻകാലപ്രാബല്യത്തിൽ രാജി അംഗീകരിക്കാനാവില്ല. ആയതിനാൽ ശ്രീമതി അനു കുരുവിളയുടെ രാജി 01.4.2007 മുതൽ മുൻകാല പ്രാബല്യത്തോടെ മാനേജർ അംഗീകരിച്ചതും അത് പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർ സാധൂകരിച്ചതും ക്രമപ്രകാരമല്ല. ടി നടപടിക്രമം റദ്ദാക്കേണ്ടതാണ്. ടി ഒഴിവ് അവധി ഒഴിവായി തന്നെ നിലനിൽക്കുന്നതാണ്. ആയതിനാൽ ഹർജിക്കാരിയുടെ നിയമനം 2.6.2008 മുതൽ റഗുലർ ഒഴിവിലെ നിയമനമായി ക്രമീകരിച്ചു നൽകാനാകില്ല. കൂടാതെ ടിയാൾ സംരക്ഷിതാധ്യാപികയല്ലാത്തതിനാൽ ടി തസ്തിക നഷ്ടപ്പെട്ടതിനെ തുടർന്ന് ഹർജിക്കാരി പുറത്തുനിന്ന 15/07/2018 മുതൽ 14/07/2021 വരെയുള്ള കാലയളവ് നോൺഡ്യൂട്ടിയായി ക്രമീകരിക്കാനാകില്ല. ആയത് സേവനഭംഗമായിത്തന്നെ നിലനിൽക്കുന്നതാണ്.

7.മുൻകാല പ്രാബല്യത്തിൽ രാജി അംഗീകരിക്കാനാവാത്തതിനാൽ ശ്രീമതി അനു കുരുവിളയുടെ രാജി 01.4.2007 മുതൽ മുൻകാല പ്രാബല്യത്തോടെ മാനേജർ അംഗീകരിച്ചതും അത് പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർസാധൂകരിച്ചതും ക്രമപ്രകാരമല്ലാത്തതിനാൽ ടി നടപടിക്രമം റദ്ദ് ചെയ്യുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

8.മേൽ സാഹചര്യത്തിൽ റിവിഷൻ ഹർജിയിലെ ആവശ്യം പരിഗണനാർഹമല്ലാത്തതിനാൽ ആയത് നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

9.മേൽപ്രകാരം റിട്ട് ഹർജി നമ്പർ 39144/2024-ന്മേലുള്ള 06/11/2024 ലെ വിധിന്യായം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം. (ആമുഖ കത്ത് സഹിതം)
ശ്രീമതി ഷൈനി സക്കറിയ, എച്ച്.എസ്.റ്റി. (സോഷ്യൽ സയൻസ്), സെന്റ് തോമസ് ഹൈസ്കൂൾ റാന്നി, പത്തനംതിട്ട-689 673.
മാനേജർ, സെന്റ് തോമസ് ഹൈസ്കൂൾ റാന്നി, പത്തനംതിട്ട-689 673.
ഹെഡ്മാസ്റ്റർ, സെന്റ് തോമസ് ഹൈസ്കൂൾ റാന്നി, പത്തനംതിട്ട-689 673.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, പത്തനംതിട്ട.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പത്തനംതിട്ട-689 645.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ2/204/2024/പൊവിവ)

ഉത്തരവിൻ പ്രകാരം

Signed by
Abeeja Raj B
Date: 04-02-2026 10:22:12

സെക്ഷൻ ഓഫീസർ